കുഷ്ഠരോഗികളുടെ പുനരധിവാസം

25 (*175)ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുഷ്ഠ രോഗികളുടെ പുനരധിവാസം ലക്ഷ്യം വച്ചുള്ള ഏതെല്ലാം പദ്ധതികൾ ഇപ്പോൾ നിലവിലുണ്ട്;

(ബി) ഇവയുടെ പ്രവർത്തനം എവിടെയെല്ലാം വ്യാപിച്ചിട്ടുണ്ട്;

(സി) കേരളത്തിൽ കുഷ്ഠരോഗികൾ കൂടുതലുള്ള ജില്ല ഏതാണ്;

(ഡി) ലെപ്രസി റീഹാബിലിറ്റേഷൻ യൂണിറ്റ് പദ്ധതി നടപ്പിലാക്കാതിരിക്കാൻ കാരണം വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) 100% കേന്ദ്ര ഗവണ്മെന്റിന്റെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാക്കിവരുന്ന ഒരു പദ്ധതിയാണ് കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി. കുഷ്ഠരോഗം ഭേദമായവരും അതു പകർത്താത്തവരുമായ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ആളുകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് 2000 രൂപവരെ ധനസഹായം നൽകിവരുന്നു. രോഗവിമുക്തരായവരിൽ നിന്നും സംസ്ഥാനത്തെ മൂന്നു കുഷ്ഠരോഗാശുപത്രികളിൽ പേഷ്യന്റ് എംപ്ലോയീസ് ആയും ഗ്രേഡ്-2 അറ്റന്റർമാരായും നിയമിച്ചു വരുന്നു. കൂടാതെ കുഷ്ഠരോഗ പെൻഷൻ പദ്ധതിയും നിലവിലുണ്ട്.

(ബി) സംസ്ഥാനത്ത് ആകമാനം ഇതിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം.

(ഡി) ഓരോ സാമ്പത്തിക വർഷവും കേന്ദ്ര സർക്കാർ അനുവദിക്കുന്ന സഹായവും അതോടൊപ്പം അനുവദിക്കുന്ന ഇൻഫ്രാസ്ട്രക്ചറും ഉപയോഗപ്പെടുത്തിയാണ് ലെപ്രസി റീഹാബിലിറ്റേഷൻ യൂണിറ്റുകൾ നടപ്പിലാക്കി വരുന്നത്. കേന്ദ്ര സഹായം ലഭ്യമാകുന്ന മുറയ്ക്ക് ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്.

മരുന്നു വാങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ

26 (*176)ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എ. കണാരൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ മരുന്ന് വാങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) ആശുപത്രികളിൽ എത്രതരം മരുന്നുകൾ വേണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly